# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/117/2018 2018 ജൂൺ 02

## പത്രക്കുറിപ്പ്

**നിയമവിരുദ്ധ അധ്യാപക നിയമനം അംഗീകരിക്കില്ല**

**(ദയവായി എല്ലാ എഡിഷനുകളിലും)**

സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക നിയമനം സംബന്ധിച്ച് സർവ്വകലാശാല സ്റ്റാറ്റിയൂട്ടിലെ ഓപ്പൺ മെറിറ്റിലേയും, കമ്മ്യൂണിറ്റി മെറിറ്റിലെയും ഒഴിവുകൾ ഓരോന്നും പ്രത്യേകം കാണിച്ച് വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന വ്യവസ്ഥയും ഇതു സംബന്ധിച്ച് വിശദമായ പത്രപരസ്യം നൽകണമെന്ന വ്യവസ്ഥയും, ഓപ്പൺ, കമ്മ്യൂണിറ്റി ഒഴിവുകൾ തമ്മിൽ മാറ്റം വരുത്താൻ പാടില്ലയെന്നുമുള്ള വ്യവസ്ഥയും കർശനമായി പാലിച്ചുകൊണ്ടുമാത്രമേ അദ്ധ്യാപക നിയമനം നടത്തുവാൻ പാടുള്ളൂ. എയ്ഡഡ് കോളേജ് മാനേജ് മെന്റുകൾ നടത്തിയിട്ടുള്ള മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായ അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകേണ്ടതില്ലായെന്ന് സർവ്വകലാശാലാ സിൻഡിക്കേറ്റ് തീരുമാനിച്ചു.

**വിദ്യാർത്ഥി അദാലത്ത് ജൂൺ 13ന്**

2017-18 അക്കാദമികവർഷത്തിൽ സർവ്വകലാശാലയിൽ നിന്നും പഠനം പൂർത്തിയാക്കിയ സി.ബി.സി.എസ്.എസ്. റഗുലർ/പ്രൈവറ്റ് വിദ്യാർത്ഥികളുടെ ഒന്നു മുതൽ ആറു വരെ സെമസ്റ്റർ പരീക്ഷകളുടെ ഗ്രേസ് മാർക്ക് നൽകുന്നതുമായി ബന്ധപ്പെട്ട പരാതികളുടെ പരിഹാരത്തിനായി **ജൂൺ 13ന് രാവിലെ 10 മണിക്ക്** സർവ്വകലാശാലാ അസംബ്ലി ഹാളിൽവച്ച് അദാലത്ത് നടത്തുന്നു. വൈസ് ചാൻസലർ, പ്രോ വൈസ് ചാൻസലർ, സിൻഡിക്കേറ്റ് അംഗങ്ങൾ, ഡീൻസ് കമ്മിറ്റി അംഗങ്ങൾ, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവർ പരാതികളിൽ തീർപ്പുകല്പിക്കുന്നതിന് നേതൃത്വം വഹിക്കും.

പരാതികൾ ഓൺലൈനായും, തപാൽ മാർഗ്ഗവും, നേരിട്ടും **ജൂൺ 5 മുതൽ 11 വരെ** സമർപ്പിക്കാം. ഓൺലൈനായി പരാതികൾ സമർപ്പിക്കുന്നതിന് സർവ്വകലാശാലാ വെബ്സൈറ്റിൽ **'അദാലത്ത് 2018'** എന്ന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പരാതികൾ നേരിട്ട് സമർപ്പിക്കുന്നവർ മോണിറ്ററിംഗ് സെല്ലിലെ ഡെപ്യൂട്ടി രജിസ്ട്രാർ (എക്സാം 8) മുമ്പാകെ സമർപ്പിക്കണം.

**എം.ജി. ബിരുദ ഏകജാലകം:**

**ജാതിസംവരണം ഒഴികെയുള്ള സംവരണ സീറ്റുകളിലേക്കുള്ള പ്രവേശനം ജൂൺ 4ന് നടക്കും**

സ്പോർട്സ്/കൾച്ചറൽ/വികലാംഗ സംവരണ വിഭാഗങ്ങളിലേക്കുള്ള പ്രവേശനം ജൂൺ 4ന് അതാത് കോളേജുകളിൽ വച്ച് നടത്തും. മേൽ വിഭാഗങ്ങളിലേക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജധികൃതർ ജൂൺ 4ന് വൈകീട്ട് 5 മണിക്ക് മുൻപായി ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ നിർബ്ബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ്. പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിൽ വീഴ്ചവരുത്തിയാൽ കോളേജ് അധികൃതർ ഉത്തരവാദികളായിരിക്കും.

**എം.ജി. ബിരുദ ഏകജാലക പ്രവേശനം: ഓൺലൈൻ രജിസ്ട്രേഷൻ ഇന്ന് (ജൂൺ 3) വൈകീട്ട് 5 മണിക്ക് അവസാനിക്കും**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഏകജാലകം വഴിയുള്ള ഒന്നാം വർഷ ഡിഗ്രി പ്രോഗ്രാമുകളിലേക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഇന്ന് (ജൂൺ 3) വൈകീട്ട് 5 മണിക്ക് അവസാനിക്കും. 80351 അപേക്ഷകർ ഇതിനോടകം രജിസ്റ്റർ ചെയ്തു.

**പരീക്ഷ മാറ്റി**

ജൂൺ 4ന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം വർഷ ബി.എസ്.സി. നഴ്സിംഗ് (2010 അഡ്മിഷൻ മുതൽ) സപ്ലിമെന്ററി പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

**പുതുക്കിയ പരീക്ഷാ തീയതി**

ജൂൺ 6ന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.എസ്.സി. ഫിസിക്സ് - ജനറൽ റിലേറ്റിവിറ്റി & കോസ്മോളജി (2016 അഡ്മിഷൻ റഗുലർ/2013, 2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ് (സി.എസ്.എസ്.) പരീക്ഷ ജൂൺ 11ന് നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. പരീക്ഷാ കേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

**അപേക്ഷാ തീയതി**

എട്ടും അഞ്ചും നാലും സെമസ്റ്റർ ബി.എച്ച്.എം. (ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ്) പരീക്ഷകൾ യഥാക്രമം ജൂൺ 21, 22, 25 തീയതികളിൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂൺ 7 വരെയും 50 രൂപ പിഴയോടെ 8 വരെയും 500 രൂപ സൂപ്പർഫൈനോടെ 11 വരെയും സ്വീകരിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ജൂലൈ 25ന് ആരംഭിക്കുന്ന ഒന്നും രണ്ടും മൂന്നും വർഷ അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ആർക്കിയോളജി & മ്യൂസിയോളജി (റഗുലർ/സപ്ലിമെന്ററി & 2013ന് മുമ്പുള്ള അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ ജൂൺ 7 വരെയും, 50 രൂപ പിഴയോടെ 8 വരെയും 500 രൂപ സൂപ്പർഫൈനോടെ 11 വരെയും അപേക്ഷിക്കാം.

രണ്ടാം പ്രൊഫഷണൽ എം.ബി.ബി.എസ്. മേഴ്സി ചാൻസ് പരീക്ഷകൾ ജൂൺ 27ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂൺ 7 വരെയും 50 രൂപ പിഴയോടെ 8 വരെയും 500 രൂപ സൂപ്പർഫൈനോടെ 12 വരെയും സ്വീകരിക്കും. അപേക്ഷകർ പേപ്പറൊന്നിന് 150 രൂപ (പരമാവധി 600 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം. മേഴ്സി ചാൻസ് പരീക്ഷയെഴുതുന്നവർ 5000 രൂപയും അടയ്ക്കണം.

**ബി.ടെക് പ്രാക്ടിക്കൽ**

എം.ജി. സർവ്വകലാശാല നടത്തുന്ന ബി.ടെക് 2018 ജൂൺ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ വിവിധ കോളേജുകളിൽ നടത്തും. ടൈംടേബിളും വിശദവിവരങ്ങളും സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പി.ജി. ഓൺലൈൻ രജിസ്ട്രേഷൻ**

രണ്ടാം സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം/എം.സി.ജെ./എം.എസ്.ഡബ്ല്യു & എം.ടി.എ. (2017 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷന് ജൂൺ 5 മുതൽ 12 വരെ പിഴയില്ലാതെയും 50 രൂപ പിഴയോടെ 13 മുതൽ 15 വരെയും 500 രൂപ സൂപ്പർഫൈനോടെ 16 മുതൽ 18 വരെയും അപേക്ഷിക്കാം. ജൂൺ 5 മുതൽ പോർട്ടലിലൂടെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. 2017ന് മുൻപുള്ള അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് അപേക്ഷിക്കുവാനുള്ള അവസാന തീയതി പിന്നീട് അറിയിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**